## പി.എസ്.സി.-യിലെ ക്രമക്കേടുകൾ

43 (4375) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പി.എസ്.സി. ചെയർമാനും മെമ്പർമാരും 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ ഓരോ വർഷവും ശമ്പളം/റ്റി.എ./ഡി.എ ഇനത്തിൽ സ്വീകരിച്ച തുക, യാത്രായിനത്തിലും വാഹന ചെലവുകൾക്കുമായി ചെലവാക്കിയ തുക എന്നിവ എത്ര എന്ന് വിശദമാക്കുമോ ; ഇവർക്ക് സർക്കാർ നിശ്ചയിച്ച ശമ്പള സ്കെയിലും മറ്റാനുകൂല്യങ്ങളും എന്താണ് എന്നും സർക്കാർ അനുമതിയില്ലാതെ ഇവർ ശമ്പള സ്കെയിലിലും മറ്റാനുകൂല്യങ്ങളിലും മാറ്റം വരുത്തി വാങ്ങുന്നുവോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

(ബി) പി.എസ്.സി.-യിലെ ധൂർത്തും ക്രമവിരുദ്ധ നടപടികളും സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു എന്നും അതിന്മേൽ എന്ത നടപടികൾ സ്വീകരിച്ചു എന്നും ഇതുസംബന്ധിച്ച് ബഹു. ഗവർണർക്കു ലഭിച്ച പരാതികളിൽ ആരുടെയെല്ലാം പരാതികൾ ബഹു. ഗവർണർ വിശദാന്വേഷണത്തിന് സർക്കാരിനു കൈമാറിയെന്നും, ഇവയിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) പി.എസ്.സി.-യിലെ മോട്ടോർ വാഹന ഉപയോഗങ്ങളിലെ ക്രമവിരുദ്ധ നടപടികൾ, വിവരാവകാശ നിയമങ്ങൾ പാലിക്കുന്നതിൽ കാണിക്കുന്ന അനാവസ്ഥ എന്നിവ ശ്രദ്ധയിൽപ്പെട്ടുവോയെന്നും, ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു എന്നും എന്ത നടപടികൾ സ്വീകരിച്ചു എന്നും എത്ര പരാതികൾ അന്വേഷണത്തിനായി ബഹു. ഗവർണ്ണർ സർക്കാരിനു നൽകി എന്നും അവയിൽ എന്ത നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ പി.എസ്.സി. ചെയർമാന് ഔദ്യോഗിക ഉപയോഗത്തിനായി വാഹനം വാങ്ങിയതിന് ചെലവായ തുക, ചെയർമാനും മെമ്പർമാരും സ്വീകരിച്ച ശമ്പളം, യാത്രാബത്ത, വാഹന ചെലവ്, മെമ്പർമാരുടെ ശമ്പള സ്കെയിൽ എന്നിവ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഈ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. ഷിബി, ശ്രീ. ആഷിഷ് വർമ്മ എന്നിവർ ഗവർണർക്ക് നൽകിയ പരാതികൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന് കൈമാറുകയും ആയത് സർക്കാർ പരിശോധിച്ച് വരികയുമാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly